# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 190
# 11/03/2020 ലെ മറുപടിക്ക്

## ആസ്തി വികസന നിധി പ്രകാരമുള്ള പ്രവൃത്തികൾക്ക് ജി.എസ്.റ്റി.യും സെന്റേജ് ചാർജ്ജും

| | ചോദ്യം<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ നിയോജകമണ്ഡലം ആസ്തി വികസന നിധിയും പ്രത്യേക വികസന നിധിയും പ്രകാരമുള്ള പ്രവൃത്തികളിൽ പന്ത്രണ്ട് മുതൽ പതിനെട്ട് ശതമാനം വരെ തുക ജി.എസ്.റ്റി. ഇനത്തിലും ആറ് മുതൽ എട്ട് ശതമാനം വരെ നിർവ്വഹണ ഏജൻസികളുടെ സെന്റേജ് ചാർജ് ഇനത്തിലും കുറവ് വരുന്ന സാഹചര്യത്തിൽ ഓരോ വർഷത്തിലും മേൽപ്പറഞ്ഞ ഫണ്ടുകളിൽ നിന്ന് ഏകദേശം ഒന്നേകാൽ കോടിയോളം രൂപ ഒഴിച്ചുള്ള തുക മാത്രമാണ് വികസന പദ്ധതികൾക്ക് വിനിയോഗിക്കാൻ കഴിയുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സർക്കാറിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നാണ് ചരക്ക് സേവന നികുതി (GST). 01/07/2017 മുതൽ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഇന്ത്യയൊട്ടാകെ GST നടപ്പിലാക്കിയിട്ടുണ്ട്. 14/12/2017 ലെ സർക്കുലർ നം. 90/2017/ധന പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾ / സർക്കാർ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്കും സേവനങ്ങൾക്കും GST ബാധകമാക്കിയിട്ടുണ്ട്. ആയതിനാൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളെ മാത്രമായി GST യുടെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ നിർവാഹമില്ല. അതുപോലെ അക്രഡിറ്റഡ് ഏജൻസികൾ വഴി പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ 6 മുതൽ 8 ശതമാനം വരെ സെന്റേജ് ചാർജ്ജ് നൽകേണ്ടതുണ്ട്. അത്തരം ഏജൻസികൾ തയ്യാറാക്കി സമർപ്പിക്കുന്ന DPR ൽ സെന്റേജ് ചാർജ്ജ് കൂടി ഉൾപ്പെടുന്നു. ആയതിനാൽ അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകേണ്ടുന്ന സെന്റേജ് ചാർജ്ജ് ഒഴിവാക്കാനും നിർവ്വാഹമില്ല. എന്നാൽ പ്രവൃത്തികളുടെ നിർവ്വഹണം ബന്ധപ്പെട്ട സർക്കാർ എൻജിനീയറിംഗ് വകുപ്പുകൾ വഴി നടപ്പിലാക്കുമ്പോൾ സെന്റേജ് ചാർജ്ജ് നൽകേണ്ടതില്ല. ഏത് ഏജൻസി വഴി പ്രവൃത്തി നടപ്പിലാക്കണം എന്നത് ബന്ധപ്പെട്ട എം.എൽ.എയ്ക്ക് തീരുമാനിക്കാം എന്നതിനാൽ സർക്കാർ എൻജിനീയറിംഗ് വകുപ്പുകൾ മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നത് വഴി സെന്റേജ് ചാർജ്ജ് ഇനത്തിൽ നൽകേണ്ട തുക ഒഴിവാക്കാവുന്നതാണ്. |
| (ബി) | ഇത്രയും ഭീമമായ തുകയുടെ കുറവ് വരുന്നത് വികസന പദ്ധതികൾക്കായി വിനിയോഗിക്കേണ്ട പണത്തിന് അപര്യാപ്തത സൃഷ്ടിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ